നം.വി.ആർ. 16764/2019/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം -14
തീയതി 11.06.2019

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി 2019-20 അദ്ധ്യയന വർഷത്തെ രൂപവത്കരണത്തെയും പ്രവർത്തനങ്ങളെയും - സംബന്ധിച്ച്.

സൂചന :- 1. വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാർഗരേഖ

2. സർക്കുലർ നമ്പർ. വി.ആർ. 16764/2019/ഡി.പി.ഐ. തീയതി 29-05-2019

വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാർഗരേഖ പ്രകാരം സംസ്ഥാനത്തെ എൽ.പി.സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിച്ച് 2019 ജൂൺ മാസം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണെന്ന് സൂചന 2-ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നതാണ്. തുടർ പ്രവർത്തനങ്ങൾ എന്ന നിലയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സമയബന്ധിതമായി ചെയ്യേണ്ടതാണ്.

- 2019 ജൂൺ 17-നു മുമ്പ് വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉപജില്ലാതല യൂണിറ്റുകൾ രൂപവൽക്കരിക്കണം.
- സ്കൂൾതല കോ-ഓർഡിനേറ്റർമാരിൽനിന്ന് ഉപജില്ലാതല കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കുകയും വേണം.
- മൂന്നുവർഷം തുടർച്ചയായി ഉപജില്ലാതല കോ-ഓർഡിനേറ്ററായിരുന്ന ആളെ പുതിയ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കാൻ പാടുള്ളതല്ല.
- തിരഞ്ഞെടുക്കപ്പെട്ട ഉപജില്ലാതല കോ-ഓർഡിനേറ്റർമാർ വിദ്യാരംഗവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം നടത്തുകയും സംസ്ഥാനസമിതി നിർദ്ദേശിക്കുന്ന പരിശീലനപരിപാടികളിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.
- 2019-20 വർഷം ഉപജില്ലാ കോ-ഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് 2019 ജൂലൈ 13, 14 തീയതികളിൽ ശില്പശാല ഉണ്ടായിരിക്കുന്നതാണ്.
- 2019 ജൂലൈ 8-നു മുമ്പ് എല്ലാ ജില്ലകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ ജില്ലാതല യൂണിറ്റ് രൂപവല്കരിക്കേണ്ടതും ജില്ലാതല കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതുമാണ്.
- മൂന്നുവർഷം തുടർച്ചയായി ജില്ലാ കോ-ഓർഡിനേറ്ററായിരുന്ന ആളെ പുതിയ ജില്ലാ കോ-ഓർഡിനേറ്റർ സ്ഥാനത്തേക്ക് പരിഗണിക്കാൻ പാടുള്ളതല്ല.
- തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർമാരുടെ മീറ്റിംഗ് 2019 ജൂലൈ 10-ാം തീയതി ചേരുന്നതാണ്.
- ജില്ലാ കോ-ഓർഡിനേറ്റർമാർ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ജില്ലാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും സംസ്ഥാനസമിതി നിർദ്ദേശിക്കുന്ന മീറ്റിംഗുകളിലും പരിശീലനപരിപാടികളിലും പങ്കെടുക്കേണ്ടതുമാണ്. തിരഞ്ഞെടുക്കപ്പെട്ട ജില്ല, ഉപജില്ലാ കോ-ഓർഡിനേറ്റർമാർ വിദ്യാരംഗം മാർഗരേഖയെക്കുറിച്ച് ധാരണ നേടിയിരിക്കേണ്ടതും മാർഗരേഖ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വിവിധതലങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്.
- സർക്കുലറിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുകയും സൂചിപ്പിച്ച തീയതികളിൽതന്നെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.
- ഉപജില്ല/ജില്ല കോ-ഓർഡിനേറ്റർമാരുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ട കോ-ഓർഡിനേറ്റർമാരുടെ പേര്, തസ്തിക, സ്കൂൾ വിലാസം, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ vidyarangamdpi@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസഡയറക്ടർക്കുവേണ്ടി

പകർപ്പ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും